# അർഹത മാനദണ്ഡം- സഹായഹസ്തം

കേരളത്തിൽ വിധവകളാകുന്ന സ്ത്രീകളുടെ എണ്ണം കൂടി വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുപ്രായത്തിൽ വിധവകളാകേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ വിധവകളായ സ്ത്രീകൾക്ക് നിലവിൽ വിധവ പെൻഷൻ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന 'സഹായഹസ്തം' എന്ന പദ്ധതി സൂചന പ്രകാരം 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനുള്ള പദ്ധതിയാണ് 'സഹായഹസ്തം'

2. ഈ പദ്ധതി കേരള സംസ്ഥാനത്തിന് മുഴുവൻ ബാധകമായിരിക്കും.

3. സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച 11.09.2018 തീയതി മുതൽ ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളതാണ്.

4. തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 30,000/- രൂപ അനുവദിക്കുന്നു.

അർഹത മാനദണ്ഡം

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾ, വിവാഹ മോചിതർ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ

2. സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ (വനിതാ കൂട്ടായ്മ, കുടുംബശ്രീ, വിധവാ സംഘം etc.) നടത്താവുന്നതാണ്. ഒരു ജില്ലയിൽ നിന്നും പരമാവധി 10 പേർക്ക് ധനസഹായം നൽകുന്നു.

3. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, വനിത കൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

4. ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം (BPL/മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്)

5. 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉള്ള വിധവകൾക്ക് മുൻഗണന

6. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

7. ആശ്വാസകിരണം പെൻഷൻ, വിധവ പെൻഷൻ ലഭിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

8. തദ്ദേശസ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർതലത്തിലോ സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ ഈ ആനുകൂല്യത്തിന് അർഹരല്ല.

9. സഹായഹസ്തം പദ്ധതി പ്രകാരം മുൻവർഷം ധനസഹായം ലഭിച്ചവർ അപേക്ഷിക്കുവാൻ പാടുള്ളതല്ല.

10. മുൻവർഷം അപേക്ഷിച്ചിട്ട് ധനസഹായം ലഭിക്കാതിരുന്ന അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

11. വിധവകളെ കൂടാതെ വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ എന്നിവരും ഈ ധനസഹായത്തിനർഹരാണ്.

മറ്റ് നിബന്ധനകൾ

1. ഒറ്റത്തവണ ധനസഹായം കൊണ്ട് തുടങ്ങുന്ന തൊഴിൽ സംരംഭം ചുരുങ്ങിയത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം

2. ഏതെങ്കിലും കാരണവശാൽ പദ്ധതി 5 വർഷത്തിന് മുമ്പ് നിർത്തുകയാണെങ്കിലോ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത കണ്ടെത്തുകയാണെങ്കിലോ ധനസഹായം ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ വകുപ്പ് കണ്ടുകെട്ടി തുടർ നടപടി സ്വീകരിക്കുന്നതാണ്.

3. ഓരോ 6 മാസം കൂടുമ്പോഴും പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്താവ് ശിശു വികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതാണ്.

4. ഓരോ 6 മാസം കൂടുമ്പോഴും ജില്ലാ വനിത ശിശു വികസന ഓഫീസർ പദ്ധതി നിർവ്വഹണം വിലയിരുത്തേണ്ടതും ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കളെയും സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

5. ധനസഹായം അനുവദിച്ച് നൽകുന്നവരുടെ പേരും വിശദ വിവരവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

6. അപേക്ഷകർ സ്വയം തൊഴിൽ സംരംഭത്തിന്റെ വിശദവിവരം ബഡ്ജറ്റ് സഹിതം അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി തെരഞ്ഞെടുത്ത

ഗുണഭോക്താക്കളുമായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ എഗ്രിമെന്റ് വച്ചതിനുശേഷം ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.


**<u>അപേക്ഷിക്കേണ്ട വിധം</u>**

- schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക


- പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള യുസർ മാന്വൽ schemes.wcd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>സംസ്ഥാന വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന പൊതുജനങ്ങൾക്കായുള്ള വിവിധ സ്കീമുകൾ ഓൺലൈനായി അപേക്ഷിക്കേണ്ട വിധം</u>


- നിങ്ങളുടെ കമ്പ്യൂട്ടറിൽ ബ്രൗസർ ഓപ്പൺ ചെയ്യുക
- ഈ ബ്രൗസറിൽ schemes.wcd.kerala.gov.in എന്ന URL അഡ്രസ്സ് ബാറിൽ ടൈപ്പ് ചെയ്യുക. അപ്പോൾ താഴെ കാണുംവിധം ഒരു പേജ് ഓപ്പൺ ആയി വരും.




- നിങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യുന്ന ആളാണെങ്കിൽ പുതുതായി രജിസ്റ്റർ ചെയ്യാൻ എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ താഴെ കാണുന്ന വിധത്തിൽ ഒരു രജിസ്ട്രേഷൻ പേജ് ലഭിയ്ക്കും



- ഈ പേജിൽ നിങ്ങളുടെ യഥാർത്ഥ പേര്(in English), മൊബൈൽ നമ്പർ, ഡിസ്‌പ്ലേ ബോക്സിൽ കാണുന്ന സെക്യൂരിറ്റി കോഡ് എന്നിവ ടൈപ്പ് ചെയ്തതിനുശേഷം രജിസ്റ്റർ ബട്ടൺ ക്ലിക്ക് ചെയ്യുക. ഉടൻതന്നെ നിങ്ങൾ രജിസ്റ്റർ ചെയ്ത സമയത്തു നൽകിയ മൊബൈൽ നമ്പറിലേയ്ക്ക് ഒരു ഒ.ടി.പി ലഭിയ്ക്കും
- താഴെ കാണുന്ന ഒ.ടി.പി വേരിഫിക്കേഷൻ പേജിൽ നിങ്ങളുടെ മൊബൈലിൽ വന്ന ഒ.ടി.പി നൽകി സബ്മിറ്റ് ചെയ്യുക




- തുടർന്ന് വരുന്ന രജിസ്ട്രേഷൻ പേജിൽ അപേക്ഷകർ പേര്, വയസ്സ്, മൊബൈൽ നമ്പർ എന്നിവയും വ്യക്തിപരമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും വേണം.

Government of Kerala

## രജിസ്ട്രേഷൻ
## (Registration)

**DO NOT PRESS BACK**


| | |
|---|---|
| പേര്* (Name of the user) | Smitha |
| സ്ത്രീ /പുരുഷൻ* (Gender) | Select |
| ജില്ല* (District) | Select |
| താലൂക്ക്* (Taluk) | Select |
| വില്ലേജ്* | Select |
| കോർപറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത്* (Corporation/Municipality/Panchayat) | Select |
| വീട് നമ്പർ* (House No.) | |
| വീട്ടു പേര്* (House Name) | |
| പോസ്റ്റ് ഓഫീസ്* (Post office) | |
| സ്ഥലം* (Place) | |
| പിൻ കോഡ്* (Pin code) | |
| മൊബൈൽ നമ്പർ* (Mobile No.) | 9400740192 |
| ഇമെയിൽ ഐ ഡി* (Email Id) | Enter email id |
| ആധാർ നമ്പർ* (Aadhar No:) | Enter Identity Card Number |

13.220...

| യൂസർ നെയിം* (User Name) | പാസ്സ്‌വേർഡ്* (Password) | കൺഫേം പാസ്സ്‌വേർഡ്* (Confirm Password) |
|---|---|---|
| Enter User Name | Enter Password | Re-Enter Password |
| (Only accept alphabets,numbers, and @ # % & % ! _) | (Only accept alphabets,numbers, and @ # % & % ! _) | (Only accept alphabets,numbers, and @ # % & % ! _) |

Register

- അതിനുശേഷം ഒരു 'user name', 'passward' എന്നിവ നൽകി രജിസ്റ്റർ ബട്ടൺ ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കണം. തുടർന്ന് കാണുന്ന back buttonനിൽ ക്ലിക്ക് ചെയ്ത് ഹോം പേജിലേയ്ക്ക് എത്തുകയും അവിടെ നേരത്തെ ക്രിയേറ്റ് ചെയ്ത user name, passward എന്നിവയും സെക്യൂരിറ്റി കോഡും നൽകി ലോഗിൻ ചെയ്യുക




- തുടർന്നു വരുന്ന രജിസ്ട്രേഷൻ പേജിൽ വളരെ ശ്രദ്ധയോടെ അപേക്ഷകന്റെ വിവരങ്ങൾ സബ്മിറ്റ് ചെയ്യണം. ഈ വിവരങ്ങൾ ആണ് അപേക്ഷ പ്രോസ്സസ്സ് ചെയ്യുന്നതിനായി ഉപയോഗിക്കുന്നത്.

E-Jeevika

Help

## രജിസ്ട്രേഷൻ


| | |
|---|---|
| പേര്* (Name of Applicant) | Smitha |
| സ്ത്രീ /പുരുഷൻ* (Gender) | Female |
| ജനനതീയതി* (Date of birth) | Day- Month- Year |
| മൊബൈൽ നമ്പർ* (Mobile No:) | 9400740192 |
| ഇമെയിൽ ഐ ഡി* (Email Id) | smitha@gmail.com |
| വീട് നമ്പർ* (House No.) | PN123 |
| വീട്ടു പേര്* (House Name) | Souparnika |
| പോസ്റ്റ് ഓഫീസ്* (Post office) | Vallakkadvu |
| സ്ഥലം* (Place) | Manacaud |
| പിൻ കോഡ്* (Pin Code) | 695008 |
| ജില്ല* (District) | THIRUVANANTHAPURAM |
| താലൂക്ക്* (Taluk) | Thiruvananthapruam |
| വില്ലേജ്* (Village) | Muttathara |
| Area Type* | Corporation |
| കോർപ്പറേഷൻ* (Corporation) | Trivandrum Corporation |
| വാർഡ് നമ്പർ* (Ward No.) | 23 |
| BPL / മുൻഗണന വിഭാഗത്തിൽ പെട്ടവർ ആണോ ?* (Whether belongs to BPL?) | No |
| തൊഴിൽ* (Profession) | Office Assistant |
| വാർഷിക വരുമാനം* (Annual Income) | 50000 |
| ബാങ്ക് അക്കൗണ്ട് നമ്പർ | 23987654678 |
| IFSC കോഡ് | CSBK0000096 |
| ബ്രാഞ്ച് | THIRUVANANTHAPURAM MAIN |
| ആധാർ നമ്പർ* (UID No:) | 123123123123 |
| റേഷൻ കാർഡ് നമ്പർ* (Ration card No:) | 234567789886 |

Reset | Update Changes | Close

Software Designed & Devoloped by C-DIT

Technical support by: Automation Department@cdit

- ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code എന്നിവ കറക്ട് ആയി നൽകിയാലേ ബ്രാഞ്ച് ഡിസ്പ്ലേ ചെയ്യുകയുള്ളൂ. അതിനുശേഷം update changes ബട്ടൺ ക്ലിക്ക് ചെയ്യുക.
- തുടർന്നു വരുന്ന പേജിൽ ഇടതു വശത്ത് കാണുന്ന Dash boardൽ 'Schemes' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ വനിത ശിശുക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന വിവിധ സ്കീമുകൾ സപ്ളൈ ചെയ്യുന്നതിനുള്ള dash board കാണാവുന്നതാണ്.




അപേക്ഷകൾ താൻ അപേക്ഷിക്കുന്ന സ്കീമിന്റെ dash board-ൽ കാണുന്ന 'Apply new' ബട്ടൺ ക്ലിക്ക് ചെയ്ത് വിവിധ സ്കീമുകൾക്ക് നിബന്ധനകൾക്കനുസൃതമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- അപേക്ഷ സബ്മിറ്റ് ചെയ്യുമ്പോൾ അതിന് അനുബന്ധമായ വിവിധ രേഖകൾ സ്കീമുകൾക്കനുസരിച്ച് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് അപ്ഡേറ്റ് ചെയ്യുക.

- അപ്ലോഡ് ചെയ്യേണ്ട രേഖകൾ സ്കാൻ ചെയ്ത് pdf ഫോർമാറ്റിൽ 250KBയ്ക്ക് താഴെയുള്ളതും ആയിരിക്കണം.
- അതിനുശേഷം 'Declaration check button' ക്ലിക്ക് ചെയ്തശേഷം സബ്മിറ്റ് ചെയ്യുക.
- നിങ്ങളുടെ അപ്ലിക്കേഷൻ CDPO ക്ക് forward ചെയ്യപെടും
- CDPO നിങ്ങളുടെ അപേക്ഷ വെരിഫൈ ചെയ്യുന്നതിന് മുൻപ് വരെ നിങ്ങള്ക്ക് അപേക്ഷയിലുള്ള വിവരങ്ങൾ തിരുത്താവുന്നതാണ്.

**<u>അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ</u>**

1. തിരിച്ചറിയൽ കാർഡിന്റെ കോപ്പി (ആധാർ/ ഇലക്ഷൻ ID)
2. റേഷൻ കാർഡ് കോപ്പി
3. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (BPL/മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല)
4. അപേക്ഷക വിധവയാണെന്നും പുനർവിവാഹം ചെയ്തിട്ടില്ലായെന്നുമുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
5. സ്വയം തൊഴിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടില്ല എന്നുള്ള ഗ്രാമപഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്.
6. സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിക്കുവാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരവും എസ്റ്റിമേറ്റും.